Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

05th January 2018

## കുന്നത്തൂർ പഞ്ചായത്തിലെ രണ്ട് പേരെ അയോഗ്യരാക്കി.

കൊല്ലം: കുന്നത്തൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രാജശേഖരൻ പിള്ള.പി.എസ്, സതി ഉദയകുമാർ എന്നിവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 3 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തി പതിനഞ്ചിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതെരഞ്ഞടുപ്പിൽ രാജശേഖരൻ പിള്ള.പി.എസ്, സി.പി.ഐ പിന്തുണയോടെ സ്വതന്ത്രനായും സതി ഉദയകുമാർ സി.പി.ഐ അംഗമായുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. നിലവിലെ പഞ്ചായത്ത് പ്രസിഡന്റ് രാജിവച്ചതിനെ തുടർന്ന് വന്ന ഒഴിവിലേക്ക് 2016 ആഗസ്റ്റ് 10ന് നടന്ന തെരഞ്ഞെടുപ്പിൽ എ.ദിലീപ് എൽ.ഡി.എഫിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ചു. രാജശേഖരൻ പിള്ള.പി.എസ്, സതി ഉദയകുമാർ എന്നിവരോട് എ.ദിലീപിന് വോട്ടു ചെയ്യാൻ സി.പി.ഐ കൊല്ലം ജില്ലാ സെക്രട്ടറി പാർട്ടി വിപ്പ് നൽകി. പാർട്ടി വിപ്പ് ലംഘിച്ച് രാജശേഖരൻ പിള്ളയും സതി ഉദയ കുമാറും വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നുകൊണ്ട് എതിർ സ്ഥാനാർത്ഥിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു. ഈ നടപടികൾക്കെതിരേ സി.പി.ഐ(എം) അംഗം ബീന.വി സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവർക്കെതിരെ നടപടി എടുത്തത്.

*(എസ്.ഇ.സി.01 /2018)*